# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2017 14/07/2011-ൽ മറുപടിക്ക്

## മഞ്ചേശ്വരം മണ്ഡലത്തിലെ പട്ടികവർഗ്ഗ വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൾ റസാക്: | ഉത്തരം<br>കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) മഞ്ചേശ്വരം മണ്ഡലത്തിലെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഫുഡ് സപ്പോർട്ട് പ്രോഗ്രാം<br>2. അടിയ-പണിയർക്കും മറ്റ് പ്രാക്തന ഗോത്രവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രത്യേക പാക്കേജ്<br>3. ചെങ്കല്ല് യൂണിറ്റ് (സിസിഡി പ്രോഗ്രാം)<br>4. കാസറഗോഡ് താലൂക്ക് കൊറഗ വെൽഫയർ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പുനരുദ്ധാരണം<br>5. ടി.ആർ.ഡി.എം. പാക്കേജ്<br>6. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമുള്ള പദ്ധതികൾ |
| (ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) ഫുഡ് സപ്പോർട്ട് പ്രോഗ്രാം, അടിയ പണിയ പാക്കേജ് എന്നീ പദ്ധതികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ചെങ്കല്ല് യൂണിറ്റ് നിർമ്മാണ പദ്ധതിക്കായുള്ള ഗുണഭോക്തൃ സംഘങ്ങൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. കാസറഗോഡ് താലൂക്ക് കൊറഗ വെൽഫയർ സൊസൈറ്റി പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി, പൂട്ടിക്കിടന്നിരുന്ന ടി സൊസൈറ്റിയുടെ ഇതുവരെയുള്ള ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ടി.ആർ.ഡി.എം. പാക്കേജ് പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമുള്ള പദ്ധതികൾ ആരംഭഘട്ടത്തിലാണ്. |

(സി) ഓരോ പദ്ധതിക്കും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ?

(സി)

| | | |
|---|---|---|
| 1 | ഫുഡ് സപ്പോർട്ട് പ്രോഗ്രാം | 5,00,000/- രൂപ |
| 2 | അടിയ-പണിയർക്കും മറ്റ് പ്രാക്തന ഗോത്രവർഗ്ഗ ക്കാർക്കും വേണ്ടിയുള്ള പാക്കേജുകൾ | 10,00,000/- രൂപ |
| 3 | ചെങ്കൽ യൂണിറ്റ് | 11,82,375/- രൂപ |
| 4 | കാസറഗോഡ് താലൂക്ക് കൊറഗ വെൽഫയർ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി പുനരുദ്ധാരണ പദ്ധതി | 5,00,000/- രൂപ |
| 5 | ടി.ആർ.ഡി.എം. പാക്കേജ് | 99,85,000/- രൂപ |

സെക്ഷൻ ഓഫീസർ